"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ - പ്രത്യേക പ്രവർത്തന പദ്ധതി നിർവ്വഹണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

G.O.(Rt)No.450/2020/GEDN തീയതി,തിരുവനന്തപുരം, 23/01/2020

പരാമർശം:- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാന മിഷന്റെ 22/07/2019ലെ യോഗ തീരുമാനം

**<u>ഉത്തരവ്</u>**

മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾക്കും കുട്ടികളുടെ കൊഴിഞ്ഞുപോക്കുള്ള വിദ്യാലയങ്ങൾക്കും പ്രത്യേക പരിഗണന നൽകി ജനകീയ ക്യാമ്പയിനും കർമ്മപരിപാടികളും നടപ്പാക്കണമെന്നും ഈ ആവശ്യത്തിനായി ഒരു മാർഗ്ഗരേഖ മിഷൻ ടീം വികസിപ്പിച്ച് നൽകണമെന്നും പരാമർശ പ്രകാരമുള്ള ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന മിഷൻ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഓരോ സ്കൂളും ആർജ്ജിക്കേണ്ട ലക്ഷ്യങ്ങളും നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ ചുമതലയും ജില്ലയിലെ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്ക് നിശ്ചയിച്ചുകൊണ്ട് ബന്ധപ്പെട്ടവർ സ്കൂളിൽ പോയി ചുമതലകൾ നിർവ്വഹിക്കേണ്ടതാണെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അദ്ധ്യാപകരും നാട്ടുകാരുമടക്കം യോഗം ചേർന്ന് ഇത്തരം സ്കൂളുകളുടെ ഉയർച്ചക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്രത്യേക പദ്ധതിയായി തയ്യാറാക്കി നടപ്പാക്കണമെന്നും തീരുമാനിക്കുകയുണ്ടായി.

2) പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളെ മുഖ്യമായും കേന്ദ്രീകരിച്ചും സ്കൂളിൽ എൻറോൾ ചെയ്യുകയും എന്തെങ്കിലും കാരണങ്ങളാൽ പഠനത്തുടർച്ച ഉറപ്പാക്കാൻ കഴിയാത്തവരുമായ കുട്ടികളെ സ്കൂളിലേക്ക് തിരികെ എത്തിക്കാനും ഉള്ള പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. ഇതിനായി ഓരോ ജില്ലയിലേയും അതതു ജില്ലയുടെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ചുള്ള പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇങ്ങിനെ ചെയ്യുമ്പോൾ ഓരോ സ്കൂളിനേയും ഒരു യൂണിറ്റായി

പരിഗണിക്കണം. സ്കൂളുകൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ കാലോചിതമായി പരിഷ്കരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അവരുടെ കീഴിലുള്ള പി.ഇ.സി/ എം.ഇ.സികളുടേയും സാധ്യത പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജനകീയ പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്.

3) ഇത്തരം ഒരു പ്രവർത്തന പദ്ധതിക്കായി താഴെപ്പറയും പ്രകാരം ചുമതലകൾ നൽകുന്നു.

i) ഈ പ്രവർത്തനങ്ങൾക്കെല്ലാം ജില്ലാ തലത്തിൽ നേതൃത്വം നൽകേണ്ടത് ജില്ലാ തല കോർ ഗ്രൂപ്പാണ്. ഡി.ഡി.ഇയുടെ അദ്ധ്യക്ഷതയിൽ ഡയറ്റ് പ്രിൻസിപ്പാൾ, ആർ.ഡി.ഡി, എ.ഡി, സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, കൈറ്റ് കോ-ഓർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ-ഓർഡിനേറ്റർ (കൺവീനർ) എന്നിവരടങ്ങിയതാണ് ജില്ലാ കോർ ഗ്രൂപ്പ്. ഈ പദ്ധതിയുടെ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റേയും പൊതുചുമതല ജില്ലാ കോർഗ്രൂപ്പിനായിരിക്കും.
ii) ജില്ലാ തല കോർ ഗ്രൂപ്പിന് പുറമേ ജില്ലാ തല സമിതിയും ഉണ്ടായിരിക്കും.
iii)പ്രവർത്തനത്തിന്റെ അക്കാദമിക നേതൃത്വം ഡയറ്റുകൾക്കായിരിക്കും. സമഗ്രശിക്ഷ കേരള, ജില്ലയിലെ ഡി.ഡി.ഇ അടക്കമുള്ള ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ചാകണം അക്കാദമിക നിർദേശങ്ങൾ ഡയറ്റ് വികസിപ്പിക്കേണ്ടത്.
iv)പത്ത് കുട്ടികളിൽ കുറവുള്ള ഏതാനും സ്കൂളുകൾ ജില്ലയിലുണ്ടാകാം. ഈ സ്ഥാപനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കണം.
v)പദ്ധതി നിർവ്വഹണ ചുമതല സമഗ്രശിക്ഷ കേരളത്തിനായിരിക്കും. സ്കൂൾ തല പദ്ധതിയുടെ നിർവ്വഹണ നേതൃത്വവും സമഗ്രശിക്ഷയ്ക്കായിരിക്കും. ഡി.ഡി.ഇ, ഡി.ഇ.ഒമാർ, എ.ഇ.ഒമാർ, മിഷൻ കോ-ഓർഡിനേറ്റർ എന്നിവരുമായി അതതു തലങ്ങളിൽ ബന്ധപ്പെട്ട് വേണം നിർവ്വഹണം നടത്തേണ്ടത്.
vi) മോണിറ്ററിങിനായി ജില്ലാതല കോർഗ്രൂപ്പും, ജില്ലാതല സമിതിയും പ്രവർത്തന പദ്ധതി ഉണ്ടാക്കണം. മോണിറ്ററിങ് ഫോർമാറ്റ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കണം.
vii)അക്കാദമിക പ്രവർത്തനത്തിനും ഏകോപനത്തിനും ആവശ്യമായ തുക ഡയറ്റുകൾക്കുള്ള ഫണ്ടിൽ നിന്നും സമഗ്രശിക്ഷാ കേരളയുടെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

4) ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചക്കകം അടുത്ത അക്കാദമിക വർഷം പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്ന സമയബന്ധിത പ്രവർത്തന പദ്ധതി ജില്ലാ തല കോർ സമിതി രൂപീകരിക്കണം. കൂടാതെ ഓരോ സ്കൂളിനും പ്രത്യേക ചുമതലക്കാരുണ്ട് എന്നും കോർ സമിതി ഉറപ്പുവരുത്തണം. അതുപോലെ കൃത്യമായ ഇടവേളകളിൽ ചുമതലക്കാരുടെ റിവ്യു മീറ്റിങ്ങുകൾ ജില്ലാ തല കോർ സമിതി ഉറപ്പാക്കണം.

5) മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾക്കുള്ള പ്രത്യേക പരിപാടി

സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. ഇതിൽ പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാവുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷ കേരളം, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ,SIET, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്-കേരള, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ / ആർ.ഡി.ഡി/ എ.ഡി /ഡി.ഇ.ഒ /എ.ഇ.ഒ (ഡി.ജി.ഇ മുഖേന)
എല്ലാ DIET പ്രിൻസിപ്പാൾമാർക്കും (ഡി.ഡി.ഇ മുഖേന)
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)
കൈറ്റിന്റെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും (കൈറ്റ് മുഖേന)
എസ്.എസ്.കെയുടെ എല്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും (എസ്.എസ്.കെ മുഖേന)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NAMITHA T
Date: 2020.01.24 10:41:12 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

അനുബന്ധം

## "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം"

## മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ – പ്രത്യേക പരിപാടി

## മാർഗ്ഗരേഖ

### ആമുഖം

കഴിഞ്ഞ മൂന്നു വർഷങ്ങളായി പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഞ്ച് ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് അധികമായി എൻറോൾ ചെയ്യപ്പെട്ടത്. പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ പഠനത്തിനായി വിടുവാൻ രക്ഷിതാക്കളിൽ അനുകൂലമായ മനോഭാവം രൂപപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും കേരളത്തിലെ കുറെ അധികം വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികളില്ലാത്തവയാണ്. ഈ വിദ്യാലയങ്ങളിൽ ആവശ്യത്തിന് കുട്ടികളെ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയും എൻറോൾ ചെയ്യപ്പെട്ട് പഠനത്തുടർച്ച ഉറപ്പാക്കാൻ കഴിയാത്ത കുട്ടികളെ തിരിച്ച് വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സമഗ്രമായ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കൈവന്നിട്ടുള്ള അക്കാദമികവും ഭൗതികവുമായ പുരോഗതി കേരളത്തിലെ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

കുട്ടികളുടെ ശാരീരികവും മാനസികവും/ബൗദ്ധികവും വൈകാരികവും സാമൂഹ്യവുമായ വികാസമാണ് വിദ്യാഭ്യാസ പ്രക്രിയയിലൂടെ സാധ്യമാകേണ്ടത്. വിദ്യ നേടുക എന്നത് ഒരു സാമൂഹ്യപ്രക്രിയയാണ് എന്നതിനെ വിദ്യാഭ്യാസ മനശ്ശാസ്ത്ര സിദ്ധാന്തങ്ങൾ ഇന്ന് പൂർണ്ണമായി പിന്തുണയ്ക്കുന്നു. സംഘംചേർന്നും കൂട്ടായും അന്വേഷിച്ചുമാണ് അറിവ് നേടുന്നത്. ഇങ്ങനെ അറിവ് ആർജിക്കുന്ന പ്രക്രിയയ്ക്ക് വേണ്ടുന്ന കൂട്ടങ്ങൾ രൂപപ്പെടുത്താൻ ആവശ്യമായ എണ്ണം കുട്ടികൾ ഒരു ക്ലാസിൽ 15എന്നാണ് വിദ്യാഭ്യാസ വകുപ്പ് നിജപ്പെടുത്തിയിരിക്കുന്നത്. വിവരശേഖരണത്തിനും ഒറ്റയ്ക്കും കൂട്ടായും വിശകലനം ചെയ്ത് അവരുടേതായ അറിവുകളായും സംഘത്തിന്റെ പൊതുഅറിവായും മാറ്റാൻ ഓരോ ക്ലാസിലും മതിയായ എണ്ണം കുട്ടികൾ ഉണ്ടാവണം. ആയതിനാൽ ഒരു നിശ്ചിത എണ്ണം കുട്ടികൾ ക്ലാസിലുണ്ട് എന്ന് ഉറപ്പാക്കുക എന്നത് ഗുണമേന്മാവിദ്യാഭ്യാസം ലക്ഷ്യം വെച്ച് നടക്കുന്നപ്രവർത്തനങ്ങളുടെ അടിത്തറയാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് നടക്കുന്ന പ്രവർത്തനങ്ങൾ ഈ ആവശ്യത്തെ അഭിമുഖീകരിക്കുന്നതിന് സഹായകമാകും. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ പൊതുവിദ്യാലയ പ്രവർത്തനങ്ങളിലേക്ക് ബഹുജനങ്ങളെ വൻതോതിൽ ആകർഷിക്കുന്നതിന് ഇടവരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ നേതൃത്വത്തിൽ കുട്ടികൾ കുറഞ്ഞ 203 വിദ്യാലയങ്ങളിൽ നടത്തിയ പ്രാഥമിക ശ്രമം 2018–19 അധ്യയനവർഷം ഫലം കാണുകയുണ്ടായി. 203വിദ്യാലയങ്ങൾ ഏറ്റെടുത്തതിൽ 169 വിദ്യാലയങ്ങളിലും (83%) ഈ അധ്യയനവർഷം വിദ്യാർഥികൾ വർധിച്ചു. ഇത് സൂചിപ്പിക്കുന്നത് സംഘടിതമായ ഒരു ഇടപെടലിലൂടെ സംസ്ഥാനത്തെ കുട്ടികളുടെ എണ്ണംകൊണ്ട് പരിമിതി നേരിടുന്ന മുഴുവൻ പൊതുവിദ്യാലയങ്ങളും മെച്ചപ്പെടുത്താമെന്നതാണ്. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മൊത്തം പൊതുവിദ്യാലയങ്ങളിലെ സാമൂഹ്യ ഇടപെടലുകൾ വർധിപ്പിക്കുന്നതിനും, ഈ പദ്ധതിയിലൂടെ കഴിയും.

**ലക്ഷ്യം**

1. മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ അടുത്ത അക്കാദമിക വർഷത്തിൽ കൂടുതൽ കുട്ടികളെ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.

2. പല കാരണങ്ങളാൽ പഠനത്തുടർച്ച ഉറപ്പാക്കാതെ സ്കൂൾ വിട്ടുപോകുന്ന കുട്ടികളെ തിരികെ സ്കൂളിലെത്തിക്കുക

3. വിദ്യാലയങ്ങളിലെ അക്കാദമിക മികവ് ഉറപ്പുവരുത്തുക.

4. കുട്ടികളുടെ വൈവിധ്യമാർന്ന കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

5. കുട്ടികളുടെ കഴിവുകളെയും മികവുകളെയും പൊതുസമൂഹവുമായി വിനിമയം ചെയ്യുക.

6. സ്കൂൾ പ്രവർത്തനങ്ങളിൽ സക്രിയമായ ജനപങ്കാളിത്തം ഉറപ്പാക്കുക.

7. മേൽ ലക്ഷ്യങ്ങൾ നേടാൻ കഴിയും വിധം അധ്യാപകർ അടക്കമുള്ള സ്കൂൾ സമൂഹത്തെ സജ്ജമാക്കുക.

പ്രവർത്തന പദ്ധതിയിൽ ഓരോ ജില്ലയുടേയും സവിശേഷതകൾ പരിഗണിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ ആകാവുന്നതാണ്. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് ചിട്ടയായകർമ്മപദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഓരോ വിദ്യാലയത്തേയും ഒരു യൂണിറ്റായാണ് പരിഗണിക്കേണ്ടത്.

**അവസ്ഥാപഠനം**

പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാലയങ്ങളിലും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്യണം. വിദ്യാലയത്തിൽ കുട്ടികൾ കുറയാനുള്ള കാരണം കൃത്യമായി കണ്ടെത്തുക, എന്ന ലക്ഷ്യമാകണം ഈ അവസ്ഥാ വിശകലനത്തിലൂടെ നടക്കേണ്ടത്. ലളിതമായ ഫോർമാറ്റുകൾ ജില്ലാ തലത്തിൽ വികസിപ്പിച്ച് നൽകാം. നിലവിലുള്ള അവസ്ഥ വസ്തുതാപരമായി വിശകലനം ചെയ്യുന്നതിനും പരിമിതികൾ ഓരോ വിദ്യാലയത്തിനും ബോധ്യപ്പെടുന്നതിനും അവസ്ഥാവിശകലനം വഴി കഴിയണം. ഇതിനായി ചുവടെയുള്ള സൂചനകൾ ഉപയോഗപ്പെടുത്താം.

**സൂചനകൾ**

- നിലവിലുള്ള അവസ്ഥ – കുട്ടികളുടെ എണ്ണം – അക്കാദമിക നിലവാരം .
- കൊഴിഞ്ഞുപോക്ക് ഉണ്ടോ , ഉണ്ടെങ്കിൽ അതിന്റെ പ്രവണത
- കഴിഞ്ഞ 15 കൊല്ലമായുണ്ടായ മാറ്റം.
- നിലവിലെ അവസ്ഥയിലേക്ക് വിദ്യാലയം എത്താനിടയായ സാഹചര്യങ്ങൾ എന്തെല്ലാം
- ജനങ്ങളുടെ സമീപനത്തിൽ വന്ന മാറ്റം – അതിന് കാരണം
- സ്കൂളിന്റെ അക്കാദമികകാര്യങ്ങൾ – പൊതു ചിത്രം

- എത്ര കുട്ടികൾ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്തു.

- വിവിധ മേളകളിലെ പങ്കാളിത്തം

- പി ടി എ / എസ്. എം. സി. പ്രവർത്തനം എങ്ങനെ

- എം.പി ടി എ, പൂർവ്വ അധ്യാപക വിദ്യാർത്ഥി സമിതി , സ്കൂൾ വികസന സമിതി - അവസ്ഥ

- 2 കി. മി നുള്ളിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ പൊതു അവസ്ഥ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിദ്യാലയങ്ങളിലെ ഇടപെടലുകൾ എത്രമാത്രം
- കഴിഞ്ഞവർഷം തൊട്ടടുത്ത അംഗനവാടികളിൽ / പ്രീ സ്കൂളിൽ പഠിച്ചവർ എത്ര

  അതിൽ എത്ര പേർ നമ്മുടെവിദ്യാലയത്തിൽ ചേർന്നു.

- സ്കൂൾ ക്യാച്ച്മെന്റ് ഏരിയയിൽ അടുത്ത വർഷം ഒന്നാംക്ലാസിൽ ചേരാനുള്ള കുട്ടികളുടെ എണ്ണം. അവരുടെ വ്യക്തിഗത വിവരം.

- സ്കൂൾ പരിസരത്തുനിന്നും മറ്റൊരു സ്കൂളിലേക്ക് കുട്ടികൾ പോകുന്നുണ്ടെങ്കിൽ അതിനു കാരണമെന്താണ്.

**പ്രവർത്തനങ്ങൾ**

1) വിദ്യാലയങ്ങളുടെ അവസ്ഥാവിശകലനത്തിലൂടെ നിലവിലെ സ്ഥിതി വസ്തുതാപരമായി കണ്ടെത്തുവാൻ വിദ്യാലയങ്ങൾക്ക് കഴിയും. പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരത്തെ കുറിച്ച് ഇപ്പോഴും ഒരു വിഭാഗത്തിന് ആശങ്കയുണ്ട്. ഇത് അകറ്റുന്നതിന് കുടുംബശ്രീ അടക്കമുള്ള സംവിധാനമുപയോഗിച്ച് പ്രാദേശിക വിദ്യാഭ്യാസ സദസ്സുകൾ പഞ്ചായത്ത് സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം. ഇതിനാവശ്യമായ പ്രചരണ സാമഗ്രികളും തയ്യാറാക്കണം.

2) ജില്ലകളിലെ അധ്യാപക സംഘടനകൾ, വിദ്യാർഥി പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ, ക്ലബുകൾ, ഗ്രന്ഥശാലകൾ, വനിതാ പ്രസ്ഥാനങ്ങൾ, പരിസ്ഥിതി സംഘടനകൾ, വ്യാപാരി വ്യവസായ മേഖലയിൽ ഉള്ളവർ, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ പിന്തുണ തേടാവുന്നതാണ്.

3) ജില്ല മുതൽ പഞ്ചായത്ത് വരെയുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ചുചേർക്കാം.

4) ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനൊപ്പം വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യവും ഊന്നലും നൽകേണ്ടത്.

വിദ്യാലയ കേന്ദ്രീകൃതമായ ഈ പ്രവർത്തനങ്ങൾക്ക് രണ്ടുതലമാണുള്ളത്.

1) വിദ്യാലയങ്ങളിൽ നിലവിലെ വിദ്യാർഥികളെ മികച്ചവരാക്കി മാറ്റുന്നതിന് ഏറ്റെടുക്കാവുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികൾ കൈവരിച്ച അക്കാദമികമായ നേട്ടങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങൾ.

2) സ്കൂൾ പരിധിയിൽ സ്കൂൾ പ്രായത്തിലുള്ള എത്ര കുട്ടികൾ ഉണ്ട് എന്നും അവരെ സംബന്ധിച്ച് വ്യക്തിപരവും കുടുംബപരവുമായ വിവരങ്ങൾ ശേഖരിക്കുക.

3)അടുത്ത വർഷത്തേക്ക് പുതുതായി എൻറോൾ ചെയ്യേണ്ട വിദ്യാർഥികളെ ലക്ഷ്യമിട്ടുകൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങളും സ്കൂളുകൾ ആലോചിക്കണം. പരിധിയിലുള്ള മുഴുവൻ വിദ്യാർത്ഥികളും നമ്മുടെ വിദ്യാലയത്തിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തണം. ചുരുക്കത്തിൽ വിദ്യാലയങ്ങളിലെ ഈ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ച് അടുത്ത അധ്യയന വർഷം ആറാം പ്രവർത്തി ദിനം വരെ നീളുമെന്നർഥം."

സ്കൂൾ തലത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ. ചില സൂചനകൾ :

ഓരോ വിദ്യാലയവും അവസ്ഥാ പഠനത്തിലൂടെ കണ്ടെത്തിയ പോരായ്മകൾ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടത്.

ഉദാഹരണത്തിന് :

**1. സാമൂഹ്യ പങ്കാളിത്തം –**

താഴെപ്പറയുന്ന സമിതികളുടെ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തണം

- –എസ്.എം.സി /പി. ടി.എ
- – മാതൃസമിതി
- – പൂർവ വിദ്യാർഥി കൂട്ടായ്മ
- – സ്കൂൾ വികസന സമിതി /SSG
- – സി.പി.ടി.എ

  സ്കൂൾ പരിസരത്തിലെ സഹകരിക്കാൻ ഇടയുള്ള മുഴുവനാളുകളെയും ഈ വേദികളിലൂടെ വിദ്യാലയത്തിൽ എത്തിക്കുവാൻ കഴിയണം.

  സ്കൂൾ പരിസരത്തുള്ള മറ്റ് പൊതു സംവിധാനങ്ങളുടെ – (അങ്കണവാടികൾ, ലൈബ്രറികൾ , കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ, സന്നദ്ധസംഘടനകൾ) ഇടപെടൽ വിദ്യാലയ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തണം

**2. അക്കാദമിക കാര്യങ്ങളിൽ സാധ്യത പ്രയോജനപ്പെടുത്തൽ.**

സ്കൂളിനു ചുറ്റുമുള്ള പ്രാദേശിക വൈദഗ്ധ്യത്തെ വിവിധ സമിതികളുടെ പ്രവർത്തനങ്ങളിലൂടെ സ്കൂൾ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തണമെന്നതിന് പ്രവർത്തന പരിപാടികൾ രൂപീകരിക്കണം.

- – ടാലന്റ് ലാബ് പ്രവർത്തനങ്ങൾ
- – അതിഥി ക്ലാസ്സുകൾ
- – വായന പരിപോഷണ പ്രവർത്തനങ്ങൾ
- – സ്കൂൾ മേളകൾക്ക് കുട്ടികളെ സജ്ജമാക്കാൻ
- – ദിനാചരണ പ്രവർത്തനങ്ങൾക്ക്
- – കോർണർ / പ്രാദേശിക പി.ടി.എ സംഘാടനത്തിന്
- – പഠനോപകരണ നിർമ്മാണ ശില്പശാല തുടങ്ങിയവ

**3. അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക**

*ഭാഷാപോഷണ പരിപാടികൾ*

മലയാളം – ഇംഗ്ലീഷ് – ഹിന്ദി – മറ്റുഭാഷകൾ എന്നിവയിൽ കുട്ടികളുടെ ശേഷി വർധിപ്പിക്കുക. മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയവ പ്രയോജനപ്പെടുത്താം.

*ശാസ്ത്ര -ഗണിത ശാസ്ത്ര – സാമൂഹ്യശാസ്ത്ര – പ്രവർത്തനങ്ങൾ*

ഉല്ലാസഗണിതം, ശാസ്ത്ര പരീക്ഷണങ്ങൾ, പ്രാദേശിക ചരിത്ര നിർമ്മാണം പോലുള്ള ഗവേഷണാത്മക പ്രവർത്തനങ്ങൾ. , സാമുഹ്യശാസ്ത്ര പ്രോജക്ടുകൾ , മുതലായവ

*കലാ – കായിക – പ്രവൃത്തിപരിചയം – പ്രവർത്തനങ്ങൾ*

കുട്ടികളുടെ വൈവിധ്യമാർന്ന ശേഷികളുടെ വികാസം ഇതുവഴി നടത്താൻ കഴിയും .

**4. സർഗ്ഗാത്മക വേദി**

- ക്യാമ്പുകൾ
- ആശയ വിനിമയ ക്യാമ്പുകൾ
- നാടക കളരികൾ
- കഥാ, കവിതാ, ക്യാമ്പുകൾ
- സ്വയംപ്രകാശന വേദികൾ,
- ചിത്ര രചന
- സംഗീത നൃത്ത പരിശീലനം

**5.ലൈബ്രറി വികസനം**

- വായനാ കോർണർ
- വായനപോഷണ പരിപാടികൾ
- ക്ലാസ് ലൈബ്രറികൾ

**6. പഠനോൽസവങ്ങൾ**

- കാര്യക്ഷമമായ പഠനോൽസവങ്ങൾ നടത്തുക.
- മികവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

**7. മൽസരവേദികളിലെ പങ്കാളിത്തം**

- പൊതുമൽസരവേദികളിലെ പങ്കാളിത്തം മൽസരിക്കുന്നതിലല്ല, മറിച്ച് അതിൽ ഭാഗഭാക്കാകുക എന്നതിലാണ് .

8. **മറ്റ് പ്രവർത്തനങ്ങൾ**

- ലൈബ്രറി / ലാബ് നവീകരണം
- സർഗ്ഗപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന പരിശീലനങ്ങൾ
- കുട്ടികൾക്കായി ലഹരിവിരുദ്ധ മനോഭാവം വളർത്തുന്ന സെമിനാറുകൾ
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത കാമ്പസ്
- പിന്നാക്കക്കാർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്ന പഠനരീതി
- കാർഷിക സംസ്കാരം വളർത്തിയെടുക്കുന്ന പഠനസാധ്യതകൾ
- യോഗ , സ്വയം പ്രതിരോധ പരിശീലനം

**9. സ്കൂൾ കാമ്പസ് സുരക്ഷിതമാക്കലും / ആകർഷകമാക്കലും**

- സ്കൂൾകാമ്പസ് ഒരു പാഠപുസ്തകമാണെന്ന അനുഭൂതി ഉണ്ടാക്കുവാൻ കഴിയണം
- സ്കൂൾ ക്യാമ്പസും ക്ലാസ്സ് മുറികളും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയണം.
- ആകർഷകമായ സ്കൂൾ മുറ്റവും ക്ലാസ് അസംബ്ലിയും ഉണ്ടാകണം
- ജൈവ വൈവിധ്യ ഉദ്യാനത്തിൽ കുട്ടികൾക്ക് കാണാനും, തൊട്ടറിയുവാനും ഉതകുന്ന സസ്യലതാദികൾ, വൃക്ഷങ്ങൾ, ജീവജാലങ്ങൾ തുടങ്ങിയ ആകർഷകമായ സംവിധാങ്ങൾ ഉണ്ടാകണം.
- വൈവിധ്യമാർന്നതും കുട്ടികൾക്ക് പ്രിയങ്കരവുമായ ഫലവൃക്ഷങ്ങളും, തണൽമരങ്ങളും, സ്കൂൾ കാമ്പസിലുണ്ടാകണം.
- തണൽമരങ്ങളുടേയും, ഫലവൃക്ഷങ്ങളുടേയും ചുറ്റും ഇരിപ്പിടങ്ങൾ ഒരുക്കാം.
- സ്കൂൾ കാമ്പസിന്റെ സ്ഥലലഭ്യതയ്ക്കനുസരിച്ചുള്ള പച്ചക്കറി കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കാം.
- കുട്ടികളുടെ പ്രായത്തിനും എണ്ണത്തിനും അനുസൃതമായ പാർക്ക് സജ്ജമാക്കാം.
- നക്ഷത്രവനം , ഔഷധസസ്യത്തോട്ടം തുടങ്ങിയ സംവിധാനങ്ങൾ ക്രമീകരിക്കാം.
- കലാചാതുര്യമുള്ള കുട്ടികളുടെ /പൂർവ്വ വിദ്യാർത്ഥികളുടെ സേവനം കൂടി പ്രയോജനപ്പെടുത്തി ക്ലാസു മുറികളുടെ അകവും പുറവും ആകർഷകമായ ചിത്രങ്ങൾ, പെയിന്റിംഗ്, ശിൽപങ്ങൾ , എന്നിവ ഒരുക്കാം.
- ആകർഷകമായ നെയിം ബോർഡുകൾ, നോട്ടീസ് ബോർഡ്, ഡിസ് പ്ലേ ബോർഡുകൾ എന്നിവ ഉണ്ടാക്കാം.
- സ്കൂൾ പരിസരവും ക്ലാസ് മുറികളും എപ്പോഴും ശുചിത്വമുള്ളതാകണം.
- സ്കൂൾ അടുക്കള, ഡൈനിംഗ് ഹാൾ , കിണറിന്റെ പരിസരം, കൈകഴുകുന്ന സ്ഥലം ശുചിത്വമുള്ളതാകണം.
- ടോയ് ലറ്റുകൾ, ശിശുസൗഹൃദവും വൃത്തിയുള്ളതുമാകണം.
- പ്ലാസ്റ്റിക് രഹിത , മാലിന്യരഹിത വിദ്യാലയമെന്നത് ഉറപ്പാക്കുവാൻ കഴിയണം

**10. സാമൂഹ്യ വിദ്യാഭ്യാസവും - പങ്കാളിത്തവും വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ**

ഓരോ സ്കൂളിന്റെയും സാധ്യതയ്ക്കനുസരിച്ച് ആവിഷ്കരിക്കാം.

**11. സംഘടനാ സംവിധാനം**

ഈ പദ്ധതിയുടെ വിജയത്തിനായി വകുപ്പ് തലത്തിൽ ചുവടെ പറയുന്ന സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്.

**1. ജില്ലാതല കോർ ഗ്രൂപ്പ്.**

ഡി.ഡി.ഇ.(അധ്യക്ഷൻ/ അധ്യക്ഷ ), ഡയറ്റ് പ്രിൻസിപ്പാൾ, ആർ.ഡി.ഡി., എ.ഡി, സമഗ്ര ശിക്ഷാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, കൈറ്റ് കോർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോർഡിനേറ്റർ (കൺവീനർ)

**ചുമതലകൾ.**

- ജില്ലാതല പദ്ധതിയുടെ പൊതുചട്ടക്കൂട് തയ്യാറാക്കൽ, സൂക്ഷ്മതലപ്രവർത്തനപദ്ധതി തയ്യാറാക്കൽ, സമഗ്രശിക്ഷ, ഡയറ്റ് തുടങ്ങിയ സംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തൽ
- പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് .
- ജില്ലയിലെ MLA മാർ , എം .പി മാർ , ജില്ലാ പഞ്ചായത്ത് എന്നിവരുമായി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച ആശയവിനിമയം ഗ്രാമ-നഗര പഞ്ചായത്ത് സംവിധാനം ഉറപ്പാക്കൽ .
- ബി.ആർ.സി തല പ്രവർത്തനങ്ങൾ പ്രതിമാസ വിലയിരുത്തൽ.
- ജില്ലാതല പ്രവർത്തന പരിപാടികളിൽ പദ്ധതി സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പാക്കൽ.
- ജില്ലാതലത്തിൽ ആവശ്യമായ അക്കാദമിക പിന്തുണ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഉറപ്പാക്കൽ.
- ജില്ലാതല സമിതിയുടെ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ.
- ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കൽ.
- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന എല്ലാത്തരം പ്രതിസന്ധികളും യഥാസമയം പരിഹരിക്കൽ.
- ഓരോ സ്കൂളിന്റേയും ചുമതല ഒരു ഉദ്യോഗസ്ഥന് നൽകണം. DEO, AEO, ഡയൽറ്റ് ഫാക്കൽറ്റി , ബി.ആർ.സിയിലെ അക്കാദമിക ഉദ്യോഗസ്ഥർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർ എന്നിവർക്ക് ചുമതല നൽകണം. ഒന്നിലധികം സ്ഥാപനങ്ങളുടെ ചുമതല ഉദ്യോഗസ്ഥർക്കുണ്ടാകാം.
- 10 കുട്ടികളിൽ കുറവുള്ള സ്കൂളിന്റെ ചുമതല ഡി.ഇ.ഒ, ഒ.ബി.പി.സി, ഡയറ്റ് ഫാക്കൽറ്റി എന്നിവർക്ക് നൽകണം. രണ്ട് ആഴ്ചയിലൊരിക്കൽ ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തണം.

2. **ജില്ലാതല സമിതി.**

ഡി.ഡി.ഇ.(അധ്യക്ഷൻ/ അധ്യക്ഷ ), ഡയറ്റ് പ്രിൻസിപ്പാൾ. കൈറ്റ്

കോർഡിനേറ്റർ.ആർ.ഡി.ഡി., എ.ഡി, സമഗ്ര ശിക്ഷാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോർഡിനേറ്റർ, ജില്ലയിലെ ഡി.ഇ.ഒമാർ, എ.ഇ.ഒമാർ, ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർമാർ ,സബ് ജില്ലാ ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റിഅംഗങ്ങൾ.

**ചുമതലകൾ**

- ജില്ലാതല പ്രവർത്തനങ്ങൾ പ്രതിമാസ അവലോകനം, തുടർ പ്രവർത്തനങ്ങൾ ആസൂത്രണം:.
- ബ്ലോക്ക് /ഉപജില്ലാ തല പ്രവർത്തനങ്ങൾ മോണിറ്ററിംഗ്
- അക്കാദമിക വിഭവങ്ങൾ തയ്യാറാക്കൽ – വിനിമയം ചെയ്യൽ.
- മികച്ച മാതൃകകൾ കണ്ടെത്തൽ , പങ്ക് വെയ്ക്കൽ, വിനിമയം ചെയ്യൽ
- ആവശ്യമായ ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
- സ്കൂൾ തല മോണിറ്ററിംഗ് ഉറപ്പാക്കുന്നതിനാവശ്യമായ പിന്തുണ നൽകൽ

**3. ഉപജില്ലാ തല സമിതി.**

AEO, BPC (കൺവീനർ) സി.ആർ.സി കോർഡിനേറ്റർമാർ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൺവീനർമാർ .

**ചുമതലകൾ**

- പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്.
- ഉപജില്ലയിലെ പദ്ധതിയിൽപ്പെട്ട വിദ്യാലയങ്ങൾക്ക് ആവശ്യമായ അക്കാദമികവും ഇതരവുമായ പിന്തുണ ഉറപ്പാക്കൽ
- സ്കൂൾതല സന്ദർശനവും പിന്തുണയും ഉറപ്പാക്കൽ.
- ഉപജില്ലയിലെ മികച്ച മാതൃകകൾ കണ്ടെത്തൽ, പങ്കുവയ്ക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതി പ്രവർത്തനങ്ങൾ അറിയിക്കൽ, അവരുടെ പിന്തുണ ഉറപ്പാക്കുക.

**4. തദ്ദേശ സ്വയംഭരണ തല സമിതി (പി.ഇ.സി / എം.ഇ.സി)**

തദ്ദേശ സ്വയംഭരണ തല സമിതി പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ തല വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിലാണ് നടക്കേണ്ടത് . നിലവിലുള്ള തദ്ദേശ സ്വയംഭരണ തല വിദ്യാഭ്യാസ സമിതി യോഗങ്ങൾ പ്രതിമാസം നടക്കുന്നുവെന്ന് ഉറപ്പാക്കണം.

**ചുമതലകൾ**

- സ്കൂൾ തല പ്രവർത്തനങ്ങൾ അവലോകനവും ആസൂത്രണവും
- തദ്ദേശ സ്വയംഭരണ തല അടിസ്ഥാനത്തിലുള്ള ബഹുജന ബോധവൽക്കരണ

പരിപാടികൾ സംഘടിപ്പിക്കൽ.

- വിദ്യാലയങ്ങൾ കൂട്ടുചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ .

- പൊതു വിദ്യാലയ ശാക്തീകരണ പരിപാടികളുടെ പ്രചരണ പരമായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ തലത്തിൽ സംഘടിപ്പിക്കൽ.

### 5. സ്കൂൾ തല സമിതി.

- സ്കൂൾ പ്രവർത്തനങ്ങളുടെ ആസൂത്രണവും സംഘാടനവും നിർവ്വഹണവും വിലയിരുത്തലും നടക്കുന്നു എന്ന് സ്കൂൾ തല സമിതി ഉറപ്പുവരുത്തണം. ഇതിനായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ സേവനം പ്രയോജനപ്പെടുത്താം.

**ചുമതല**

- വിദ്യാലയങ്ങളുടെ നിലവിലെ അവസ്ഥ വിശകലനം ചെയ്തു റിപ്പോർട്ട് തയ്യാറാക്കൽ.

- കണ്ടെത്തിയ പ്രധാന പരിമിതികൾ തരണം ചെയ്യുന്നതിന് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂക്ഷ്മതല ആസൂത്രണം, സമയബന്ധിതമായി നടപ്പാക്കൽ.

- അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കൽ.

- പദ്ധതി പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തൽ.

- സ്കൂളിലെ ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പുവരുത്തുകയും ഓരോ കുട്ടിയേയും മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ആവശ്യമായ ഇടപെടലുകൾ നടത്തൽ.

- സ്കൂൾ പരിധിയിലുള്ള കുട്ടികളെ കണ്ടെത്തലും അവരെ എൻറോൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യൽ.

- തദ്ദേശ സ്വയംഭരണ തല വിദ്യാഭ്യാസ സമതിയിലേക്ക് സ്കൂൾ പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ അവലോകന റിപ്പോർട്ട് തയ്യാറാക്കൽ.
- ഗൃഹസന്ദർശനം, അങ്കണവാടി സന്ദർശനം ഉടങ്ങിയവ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ.

**<u>പ്രവർത്തന കലണ്ടർ</u>**

ജില്ലാതല കോർ ഗ്രൂപ്പ് ഓരോ ജില്ലയിലേയും സവിശേഷത പരിഗണിച്ച് ജില്ലാതല കലണ്ടർ തയ്യാറാക്കണം. ഈ കലണ്ടറിന്റെ പൊതു ചട്ടക്കൂടിനകത്തുനിന്നുകൊണ്ട് പ്രവർത്തനങ്ങൾ ക്രമീകരിക്കാനുള്ള സ്വാതന്ത്ര്യം ഓരോ സ്കൂളിനുമുണ്ടാകും.

**<u>ചുമതലകൾ</u>**

1. പ്രവർത്തനത്തിന്റെ അക്കാദമിക നേതൃത്വം ഡയറ്റുകൾക്കായിരിക്കും. സമഗ്രശിക്ഷ

കേരളയും ജില്ലയിലെ ഡി.ഡി.ഇ അടക്കമുള്ളവരുമായി സഹകരിച്ചാകണം അക്കാദമിക നിർദേശങ്ങൾ ഡയറ്റ് വികസിപ്പിക്കേണ്ടത്.

2. 10 കുട്ടികളിൽ കുറവുള്ള ഏതാനും സ്കൂളുകൾ ജില്ലയിലുണ്ടാകാം. ഈ സ്ഥാപനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതി വേണ്ടി വന്നേക്കാം. അതും പ്രത്യേകം ശ്രദ്ധിക്കണം.

3. പദ്ധതി നിർവ്വഹണം ഏകോപിപ്പിക്കാനുള്ള ചുമതല സമഗ്രശിക്ഷ കേരളത്തിനായിരിക്കും. സ്കൂൾ തല പദ്ധതിയുടെ നിർവ്വഹണ നേതൃത്വം സമഗ്രശിക്ഷയ്ക്കായിരിക്കും. ഡി.ഡി.ഇ, ഡി.ഇ.ഒമാർ, എ.ഇ.ഒമാർ എന്നിവരുമായി അതതു തലങ്ങളിൽ ബന്ധപ്പെട്ട് വേണം നിർവ്വഹണം നടത്തേണ്ടത്.

4. മോണിറ്ററിങ്ങിനായി ജില്ലാതല കോർഗ്രൂപ്പും, ജില്ലാതല സമിതിയും പ്രവർത്തന പദ്ധതി ഉണ്ടാക്കണം. മോണിറ്ററിങ് ഫോർമാറ്റ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കണം.

5. അക്കാദമിക പ്രവർത്തനത്തിനും ഏകോപനത്തിനും ആവശ്യമായ തുക ഡയറ്റുകൾക്കുള്ള ഫണ്ടിൽ നിന്നും സമഗ്രശിക്ഷ കേരളയുടെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

---